VE9-4112/2010

വിജിലൻസ് ചീഫ് ഫോറസ്റ്റ്
കൺസർവേറ്ററുടെ ആഫീസ്,
തിരുവനന്തപുരം-14
Phone: Off: 0471 - 2321583
E-mail: ccfv@keralaforest.org
തിയതി: 27.11.2010.

**സർക്കുലർ നമ്പർ 13/2010.**

വിഷയം:- Delegation of powers ന് വിരുദ്ധമായി അടങ്കൽ അനുവദിക്കുന്നത് - സംബന്ധിച്ച്.

വനം വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവിധതരം ജോലികൾക്കായുള്ള അടങ്കലുകൾ ഡിവിഷൻ തലത്തിൽ അനുവദിക്കുമ്പോൾ (ഉദാ: ഫർണിച്ചർ വാങ്ങുന്നതിന്, സ്റ്റേഷനറി ഐറ്റങ്ങൾ തുടങ്ങിയവ) നിലവിലുള്ള ഡെലിഗേഷൻ ഓഫ് പവ്വേഴ്സ് (G.O.(P) 691/97/Fin. തീയതി 13.08.1997) പ്രകാരം അനുവദനീയ പരിധിയിലും അധികരിച്ചാണ് ചില ഡിവിഷനുകളിൽ അടങ്കലുകൾ അനുവദിക്കുന്നതെന്ന് കാണുവാൻ കഴിഞ്ഞിട്ടുണ്ട്. ഡെലിഗേഷൻ ഓഫ് പവേഴ്സ് അനുസരിച്ച് 50,000/- രൂപ വരെ മാത്രമേ ഫർണിച്ചർ വാങ്ങുന്നതിന് ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് അധികാരമുള്ളുവെങ്കിലും ആയതിന് വിരുദ്ധമായി ചില ഡിവിഷനുകളിൽ ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിയുടെ കീഴിൽ ചെയ്തുവരുന്ന ജോലികൾക്ക് 1.50 ലക്ഷത്തിലും അധികമുള്ള തുകകൾക്കുള്ള അടങ്കലുകൾ ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ് എന്ന നിലയിൽ അനുവദിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി വഴി ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് നിലവിൽ സർക്കാർ അനുവദിച്ച സാമ്പത്തിക അധികാരം (Delegation of powers) പ്രകാരമുള്ള നിയന്ത്രണങ്ങൾ ബാധകമല്ല എന്ന ഒരു നിലപാടാണ് പല ഡിവിഷൻതല ഉദ്യോഗസ്ഥരും എടുത്തുവരുന്നതായി മനസ്സിലാക്കുന്നത്. എന്നാൽ ഇത് അംഗീകരിക്കാൻ കഴിയില്ല. ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിക്ക് പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കുന്നതോടൊപ്പം അത്തരം സ്വാതന്ത്ര്യം ചില നിയന്ത്രണങ്ങൾക്കും പരിശോധനകൾക്കും വിധേയമാകുന്നത് നന്നായിരിക്കും. അടങ്കലുകൾ അനുവദിക്കുമ്പോൾ സാധാരണ നിലയിൽ സർക്കാർ അനുവദിച്ച് നൽകിയ സാമ്പത്തിക അധികാരം (Delegation of powers) പ്രകാരം ഓരോ ഉദ്യോഗസ്ഥനും അനുവദനീയമായ പരിധിക്കകത്തുള്ള തുകയ്ക്കാണ് ടി അടങ്കലുകളെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. പരിധി അധികരിയ്ക്കേണ്ട സാഹചര്യം സംജാതമായാൽ ടി വിഷയം ബന്ധപ്പെട്ട ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ ഫോറസ്റ്റ് കൺസർവേറ്റർ തലത്തിൽ ചർച്ച ചെയ്ത് (പ്രത്യേകിച്ചും ഇപ്പോൾ ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി ചെയർമാൻമാർ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ ആയതിനാൽ) തീരുമാനിക്കും പ്രകാരം ആവശ്യമായ തീരുമാനങ്ങൾ എടുത്ത് പ്രവർത്തിക്കുന്നതിന് എല്ലാ ഡിവിഷൻ/ സർക്കിൾതല ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുന്നു. കൂടാതെ ഡിവിഷണൽ ഫോറസ്റ്റാഫീസർമാർ അനുവദിക്കുന്ന ചില അടങ്കലുകൾ ഡി.ഇ. എന്നതിന് പകരം എസ്.ഇ. എന്ന നമ്പർ നൽകി കാണുന്നുണ്ട്. ആയത് ഒഴിവാക്കി ഡിവിഷനുകളിൽ അനുവദിക്കുന്ന അടങ്കലുകൾ ഡി.ഇ എന്ന വിധത്തിൽ നമ്പർ നൽകേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ.

D:\prasobha\VE9-4390-90\VE9-3253-09 Circular.doc